പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6607      12.07.2012 ൽ മറുപടിയ്ക്ക്

## ആർ.ടി. ഓഫീസുകളിൽ ഇടനിലക്കാരുടെ ഇടപെടൽ തടയാൻ നടപടി

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ
ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിലെ ബയോമെട്രിക് ഹാജർ സംവിധാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ആദ്യഘട്ടമെന്ന നിലയിൽ 01.07.2012 മുതൽ, മോട്ടോർ വാഹന വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും മേഖലാ കാര്യാലയങ്ങളിലും ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഇത് ഉടൻ തന്നെ നടപ്പാക്കുന്നതാണ്. |
| (ബി) | ഈ സിസ്റ്റം നിലവിൽ വരുന്നതോടെ ഇടനിലക്കാരുടെ ഇടപെടൽ ഏതു തരത്തിൽ ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്; | (ബി) യും (സി) യും | ഈ സിസ്റ്റം നിലവിൽ വരുന്നതോടെ എല്ലാ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് നൽകുക വഴി വിവിധ സേവനങ്ങൾക്കായി ആർ.ടി.ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് യഥാർത്ഥ ജീവനക്കാരെ തിരിച്ചറിയുന്നതിനും നിയമ പ്രകാരമുള്ള സേവനങ്ങൾ ഉറപ്പ് വരുത്താൻ സാധിക്കുകയും ചെയ്യും. അങ്ങനെ ഇടനിലക്കാരുടെ ഇടപെടൽ ഇല്ലാതാക്കാൻ സാധിക്കുകയും ചെയ്യുമെന്നാണ് കരുതുന്നത്. ഓരോ ഓഫീസിലെയും ബയോമെട്രിക് സംവിധാനത്തിന്റെ നിരീക്ഷണ ചുമതല അതാത് ഓഫീസ് തലവനിൽ നിക്ഷിപ്തമാണ്. |
| (സി) | ബയോമെട്രിക് ഹാജർ സംവിധാനവും ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡുകളും ഏർപ്പെടുത്തിയതിനെ തുടർന്ന് ഇത് നിരീക്ഷിക്കാനും അഴിമതി നടത്തുന്നവരെ കണ്ടെത്തുവാനും എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ